"ഭരണഭാഷ-മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - M/s ആക്‌മെ സെയിൽസ് കോർപ്പറേഷൻ, അമൃതസർ , സംസ്ഥാന അച്ചടി വകുപ്പിനെതിരെ ഫയൽ ചെയ്ത ആർബിട്രേഷൻ കേസിലെ വിധിന്യായത്തിനെതിരെ പഞ്ചാബ് ഡിസ്ട്രിക്റ്റ് കോർട്ടിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവാകുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.85/2022/SPD തീയതി,തിരുവനന്തപുരം, 06-12-2022

---

പരാമർശം:-

1. അച്ചടി വകുപ്പ് ഡയറക്ടറുടെ 18/11/2022-ലെ 1479/2017/G3/DP നമ്പർ കത്ത്.
2. അഡ്വക്കേറ്റ് ജനറലിന്റെ 28/11/2022-ലെ SS (Misc) 88/2022/A.G നമ്പർ കത്ത്.

**ഉത്തരവ്**

അച്ചടി വകുപ്പിൽ വിവിധ മെഷീനുകൾ വാങ്ങുന്നതിനായി M/S ACME SALES CORPORATION നുമായി ഏർപ്പെട്ട കരാറിൽ വ്യവസ്ഥ ലംഘനം ഉണ്ടായ സാഹചര്യത്തിൽ, ടി സ്ഥാപനത്തിനെതിരെ നിയമനുസൃത നടപടി സ്വീകരിക്കുകയും, ആയതിനെതിരെ ടി സ്ഥാപനം MSME Council മുൻപാകെ ഫയൽ ചെയ്ത ആർബിട്രേഷൻ കേസിൽ 28. 07. 2022 ൽ Ex Parte വിധി വരുകയും അതിനെതിരായി ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്ടിന്റെ സെക്ഷൻ 34 പ്രകാരം അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിനും , അച്ചടി വകുപ്പിനും വേണ്ടി പഞ്ചാബ് ഡിസ്ട്രിക്റ്റ് കോർട്ടിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് വേണ്ടി ഒരു ഗവണ്മെന്റ് പ്ളീഡറുടെ സേവനം ലഭ്യമാക്കണമെന്ന് കേരള അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം പഞ്ചാബ് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർഥിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചാബ് അഡിഷണൽ അഡ്വക്കേറ്റ് ജനറൽ ആയ ശ്രീ അമൻ പാൽ നെ ഈ കേസ് വാദിക്കുന്നതിനായി നിരേദശിക്കപ്പെട്ടിട്ടുണ്ടെന്നും, കേസ് വാദിക്കുന്നതിനായി അഡ്വക്കേറ്റ് ഫീസ് ഇനത്തിൽ 2,20,000/ രൂപയും (Per Appearance) അതോടൊപ്പം മറ്റു പലവക ചെലവുകളും ( Other Miscellaneous Expenses ) അനുവദിച്ചു നൽകേണ്ടതാണെന്നും, പരാമർശം (2) കത്ത് പ്രകാരം കേരള അഡ്വക്കേറ്റ് ജനറൽ അറിയിക്കുകയുണ്ടായി. ഈ കേസ് അടിയന്തിരമായി 7. 12. 2022 നു മുൻപായി ഫയൽ ചെയ്യേണ്ടതായിട്ടുള്ള സാഹചര്യം കണക്കിലെടുത്തു മേൽ പറഞ്ഞ പ്രൊപോസൽ അംഗീകരിക്കാവുന്നതാണെന്നും, Advocate General Punjab നിർദേശിച്ച പ്രകാരമുള്ള അഡ്വക്കേറ്റ് ഫീ നൽകാവുന്നതാണെന്നും അഡ്വക്കേറ്റ് ജനറൽ, കേരള ശിപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറൽ, കേരളയുടെ ശിപാർശ അംഗീകരിച്ചു കൊണ്ട് ചുവടെ ചേർത്തിരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. **M/s.** ആക്‌മെ സെയിൽസ് കോർപ്പറേഷൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസിലെ വിധിന്യായത്തിനെതിരെ ഡിസ്ട്രിക്റ്റ് കോർട്ട്, അമൃതസറിൽ സംസ്ഥാന സർക്കാർ അച്ചടി വകുപ്പിന് വേണ്ടി **Arbitration & Conciliation Act**, സെക്ഷൻ **34** പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിന് പഞ്ചാബ് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ആയ ശ്രീ. അമൻ പാൽ-നെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവാകുന്നു.
2. ഈ കേസ് നടത്തുന്നതിനായുള്ള ഫീ ഇനത്തിൽ **2,20,000/** രൂപയും **(Per Appearance)** അതോടൊപ്പം മറ്റു പലവക ചെലവുകളും ( **Other Miscellaneous Expenses)** എന്ന് നിശ്ചയിച്ചു നൽകുകയും, തുടർന്ന് അഡ്വക്കേറ്റ് ഫീ അനുവദിക്കുന്നതിനായി വൗച്ചർ സമർപ്പിക്കുന്ന വേളയിൽ ടി തുക അനുവദിച്ചു നൽകുന്നതിനായി അച്ചടി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു .
3. **M/s Acme Sales Corporation** ഫയൽ ചെയ്തിട്ടുള്ള ആർബിട്രേഷൻ കേസിൽ അപ്പീൽ ഫയൽ ചെയ്യുന്നതിലേക്കായി **MSME ACT 2006** ലെ സെക്ഷൻ **19** പ്രകാരം അവാർഡ് തുകയുടെ **[84,59,258/-) 75%** ആയ **63,44,444/-** രൂപ (അറുപത്തിമൂന്ന് ലക്ഷത്തി നാൽപത്തിനാലായിരത്തി നാന്നൂറ്റി നാൽപത്തിനാല് രൂപ) കോടതിയിൽ കെട്ടിവയ്ക്കേണ്ടതായിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ തുക '**2058--00-103-99- 34-03 other items (NP)**'എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി അനുവദിച്ചുകൊണ്ട് ധന വകുപ്പ് **18.11.2022** ലെ സ.ഉ.(സാധാ) നം.**7822/2022**/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പറഞ്ഞ തുക കോടതിയിൽ കെട്ടി വയ്ക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ടു സമർപ്പിക്കേണ്ടതായ എല്ലാ ഡോക്യൂമെൻറ്സും ശ്രീ അമൻ പാൽ മുൻപാകെ സമർപ്പിക്കുന്നതിനും, ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും അച്ചടി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, അച്ചടി വകുപ്പ്.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
നിയമ വകുപ്പ്
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Bindu V K**
**Date: 06-12-2022 13:44:08**